ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/37383/2024-GEA3 തീയതി: 24-09-2025

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -മുൻ പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക് ശ്രീമതി.ലത.കെ-യെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന:
1. മലപ്പുറം ജില്ലാജോയിന്റ് ഡയറക്ടറുടെ 28.08.2024-ലെ LSGD/JD/MPM/6890/2024-A3 നമ്പർ ക
2. പഞ്ചായത്ത് ഡയറക്ടറുടെ 12/12/2018 ലെ E14-42560/13 ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 16.11.2022-ലെ PAN/16918/2022-E6(DP) നോട്ടീസ്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.11.2024 തീയതിയിലെ LSGD/PD/37383/2024-GEA3 നമ്പർ കത്ത്
5. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2020-തീയതിയിലെ PAN/20015/2018/E6(DP) നമ്പർ ഉത്തരവ്.
6. മലപ്പുറം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 20.03.2025-ലെ LSGD/JD/MPM/6890/2024-A3 നടപടിക്രമം

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.ലത.കെ- സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം സൂചന(2) ഉത്തരവിലൂടെയാണ് സേവനത്തിൽ പ്രവേശിച്ചത്. സൂചന(3) പ്രകാരം ശ്രീമതി.ലത.കെ-യെ 01.01.2014 മുതൽ 31.12.2018 വരെയുള്ള ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി കരട് നോട്ടീസ് പ്രസിദ്ധീച്ചിരുന്നെങ്കിലും ടി നോട്ടീസ് അന്തിമമാക്കിയിട്ടില്ലാത്തതിനാൽ ടിയാളെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സൂചന(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ ശ്രീമതി.ലത-യെ ടിയാൾക്ക് പഞ്ചായത്ത് ഡയറക്ടർ നല്കിയ നിയമനശുപാർശ തീയതി അടിസ്ഥാനമാക്കിയല്ല സീനിയോരിറ്റിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും കൂടാതെ ക്ലർക്കുമാരുടെ ജില്ലാതല സീനിയോരിറ്റി പട്ടികയിൽ ടിയാൾ ഉൾപ്പെട്ടിട്ടില്ല എന്നുള്ളതിനാലും ടിയാളെ ജില്ലാ തല സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സൂചന(4) പ്രകാരം കത്ത് നല്കിയിരുന്നു.

സൂചന (4) കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമത.ലത.കെ-യെ ജില്ലാതല സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി സൂചന(6) ഉത്തരവ് പ്രകാരം ജില്ലാതല സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ലത.കെ-യെ സൂചന(2) പ്രകാരമുള്ള നിയമനശുപാർശ തീയതിയുടെ അടിസ്ഥാനത്തിൽ ക്രമനം.2804 ശ്രീ.ശങ്കർ.പി.വി-യുടെയും ക്രമനം.2805 ശ്രീ.ഷാസമാൻ.ഇ.എം-നും ഇടയിൽ 2804എ ആയി ഉൾപ്പെടുത്തുന്നതിന് താത്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താത്കാലിക തീരുമാനത്തിൽ ആക്ഷേപമുള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 10 ദിവസത്തിനകം തങ്ങളുടെ ആക്ഷേപം ഉചിതമാർഗ്ഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കും ആക്ഷേപം ഒന്നും ലഭിക്കാത്ത് പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ പ്രസ്തുത താത്കാലിക തീരുമാനം അന്തിമമാക്കുന്നതാണ്.

Prasannakumar V D
SENIOR ADMINISTRATIVE OFFICER

പകർപ്പ് :

1. എല്ലാ ജില്ലാജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീമതി.ലത.കെ(ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. സീനിയർ സൂപ്രണ്ട്,IE സെക്ഷൻ
4. സിസ്റ്റം സൂപ്പർവൈസർ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ/അധികം

**Signed by Prasannakumar.**
**V. D**
**Date: 24-09-2025 13:30:40**